(ബി) ഡിപ്പാർട്ട്മെന്റൽ പരീക്ഷകൾ ഒ.എം.ആർ. രീതിയിൽ മാറ്റുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(സി) റവന്യൂ ഡിപ്പാർട്ട്മെന്റിലെ ജീവനക്കാർക്കായി നടത്തുന്ന മെഡിക്കൽ ജൂറിസ്പ്രൂഡൻസ് എന്ന ഡിപ്പാർട്ട്മെന്റൽ പരീക്ഷ കുറെക്കൂടി ലളിതമാക്കി ഒ.എം.ആർ. രീതിയിൽ നടത്തുവാൻ നടപടികൾ സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ;

(ഡി) മെഡിക്കൽ ജൂറിസ്പ്രൂഡൻസ് ഡിപ്പാർട്ട്മെന്റൽ പരീക്ഷ എല്ലാ ആറുമാസം കൂടുംതോറും കൃത്യമായി നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ബഹുഭൂരിപക്ഷം പരീക്ഷകളും ഒ.എം.ആർ. രീതിയിലാണ് നടത്തിവരുന്നത്.

(സി) റവന്യൂവും ഡിപ്പാർട്ടുമെന്റിലെ ജീവനക്കാർക്കായി നടത്തുന്ന മെഡിക്കൽ ജൂറിസ് പ്രൂഡൻസ് എന്ന പരീക്ഷ കേരള ക്രിമിനൽ ജൂഡീഷ്യൽ ടെസ്റ്റാണ്. അടുത്ത പരീക്ഷ മുതൽ ഇത് ഒ.എം.ആർ. രീതിയിലാവും നടത്തുന്നത്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

കെ.എസ്.ആർ.ടി.സി. ഡ്രൈവർ തസ്തികയിലേയ്ക്കുള്ള ഒഴിവിൽ നിയമനം

8 (8) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ഡ്രൈവർ തസ്തികയിലേയ്ക്കുള്ള ഒഴിവിലേയ്ക്കായി സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി 2009-ൽ തീരുമാനമെടുത്തത് പ്രകാരം 2010-ൽ പി.എസ്.സി. പരീക്ഷ നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പരീക്ഷയുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ആയതിലുണ്ടായ കാലവിളംബത്തിന്റെ കാരണം വ്യക്തമാക്കുമോ ;

(ഡി) അനുബന്ധ റാങ്ക് ലിസ്റ്റ് സമയബന്ധിതമായി പ്രസിദ്ധീകരിക്കണമെന്ന് ബഹു. ഹൈക്കോടതിയുടെ വിധി നിലവിലുണ്ടോ ;

(ഇ) എങ്കിൽ പ്രസ്തുത വിധിയുടെ അടിസ്ഥാനത്തിൽ നാളിതുവരെ ഈ വിഷയത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-ഇ) കെ.എസ്.ആർ.ടി.സി.യിൽ ഡ്രൈവർ തസ്തികയിലേയ്ക്ക് 2010-ൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന പി.എസ്.സി. പരീക്ഷ നടത്തിയിട്ടില്ല. കെ.എസ്.ആർ.ടി.സി ഡ്രൈവർ-എൻ.സി.എ. (എസ്.സി./എസ്.ടി.) തസ്തികയുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. നിയമന ശിപാർശയ്ക്കുള്ള നടപടികൾ ഉടങ്ങിയിട്ടുണ്ട്.

എം.എൽ.എ. മാർക്ക് സർക്കാർ ഉത്തരവിന്റെ പകർപ്പ്

9 (9) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.മാർ ആവശ്യപ്പെടുന്ന സർക്കാർ ഉത്തരവുകൾ അവർക്ക് ഉടനടി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) ഉത്തരവുകൾ എം.എൽ.എ.മാരുടെ ഇ-മെയിൽ വിലാസത്തിൽ അയച്ചുകൊടുക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) 6-2-2013-ലെ 2717/എ 2/2012/ പാ.കാ.വ. നമ്പർ സർക്കുലർ പ്രകാരംകാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നയപരമായ പ്രശ്നങ്ങളെ ബാധിക്കുന്ന ഉത്തരവുകളുടെ പകർപ്പ് ബന്ധപ്പെട്ട നിയമസഭാ സാമാജികർക്ക് യഥാസമയം എത്തിക്കുവാൻ എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ വിവിധ വകുപ്പുകളിൽ നിന്നിറങ്ങുന്ന ഉത്തരവുകൾ സർക്കാർ പോർട്ടലായ www.kerala.gov.in/go's/circulars/notifications-ൽ ഇപ്പോൾ തന്നെ ലഭ്യമാണ്.

(ബി) ഇ-മെയിൽ ആയി ഉത്തരവുകൾ അയച്ചുകൊടുക്കുന്നതിനുള്ള നിർദ്ദേശം നിലവിൽ പരിഗണനയിലില്ല. എന്നാൽ എം.എൽ.എ.മാർ ആവശ്യപ്പെടുന്നപക്ഷം പ്രസ്തുത ഉത്തരവുകൾ അവരുടെ ഇ-മെയിൽ വിലാസത്തിൽ അയ്ക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

ഭരണമികവിന് അംഗീകാരം

10 (10) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണ മികവിന് സംസ്ഥാനത്തിന് ദേശീയ തലത്തിലും അന്തർദ്ദേശീയ

LIBRARY ARCHIVES Kerala Legislative Assembly